**<u>ആസ്ട്രേലിയയുടെ പ്രധാന മന്ത്രിയുടെ ഔദ്യോഗിക ഇന്ത്യാ സന്ദര്ശനം (ഏപ്രില് 09-12, 2017)</u>**

ഏപ്രില്  06, 2017

1. ആസ്ട്രേലിയയുടെ പ്രധാനമന്ത്രി ആദരണീയനായ ശ്രീ മാൽകം ടേണ് ബുള് , എംപി , നമ്മുടെ പ്രധാനമന്ത്രിയുടെ ക്ഷണം സ്വീകരിച്ച് ഔദ്യോഗികമായി ഇന്ത്യാ സന്ദർശനത്തിന് ഏപ്രില് 09 മുതല് 12 വരെ എത്തുന്നു (ഏപ്രില് 09-12, 2017)

2. ഇത് പ്രധാനമന്ത്രി ടേണ് ബുളിന്റെ ആദ്യ ഇന്ത്യാ സന്ദർശനം ആണ്. മുന് പ്രധാനമന്ത്രി ടോണി ആബട്ട് സെപ്തംബര് 2014 ല് ഇന്ത്യ സന്ദർശിച്ചിരുന്നു, അതേ തുടർന്ന് നമ്മുടെ പ്രധാനമന്ത്രി അതേ വർഷം നവംബറില് ആസ്ട്രേലിയ സന്ദർശിക്കുകയും ചെയ്തിരുന്നു

3. പ്രധാനമന്ത്രി ടേണ് ബുളും പ്രധാനമന്ത്രി മോദിയും അന്റാല്യായില് 2015 ലും ഹാംഗ്ഷൌവില് 2016 ലും നടന്ന ജിഐ-20 യോഗത്തോട് അനുബന്ധിച്ച് പ്രധാന ചർച്ചകള് നടത്തിയിരുന്നു

4. ഏപ്രില് 10നു രാഷ്ട്രപതിഭവനില് നടക്കുന്ന പരമ്പരാഗത ഗാർഡ് ഓഫ് ഓണറോടെ ആസ്ട്രേലിയയുടെ പ്രധാനമന്ത്രി തന്റെ സന്ദർശനം ആരംഭിക്കും അതേ തുടർന്ന് രാജ്ഘട്ടിലെ മഹാത്മാഗാന്ധിയുടെ സമാധിയില് അദ്ദേഹം പുഷ്പചക്രം സമർപ്പിക്കും, കേന്ദ്ര വിദേശകാര്യ മന്ത്രി അദ്ദേഹവുമായി കൂടിക്കാഴ്ച നടത്തും, അതേ തുടർന്ന് വളരെ നിയന്ത്രിതമായ രീതിയില് ഇരു പ്രധാനമന്ത്രിമാരും പ്രതിനിധി തല ചർച്ചകള് ചെയ്യും . അദ്ദേഹം ആദരണീയനായ രാഷ്ട്രപതി, ആദരണീയനായ ഉപരാഷ്ട്രപതി എന്നിവരുമായും കൂടിക്കാഴ്ച നടത്തും . പ്രധാനമന്ത്രി ആസ്ട്രേലിയയുടെ പ്രധാനമന്ത്രിയോടും അദ്ദേഹത്തിന്റെ പ്രതിനിധികളോടുമുള്ള ആദരസൂചകമായി ഒരു വിരുന്ന് സൽക്കാരം സംഘടിപ്പിക്കും

5. പ്രധാനമന്ത്രി ടേണ് ബുള് മുംബൈയും സന്ദർശിക്കും , അവിടെ അദ്ദേഹം മഹാരാഷ്ട്ര ഗവർണറുമായി കൂടിക്കാഴ്ച നടത്തുകയും , പ്രമുഖ ബിസിനസ് നേതാക്കളുമായുള്ള ചർച്ചകളും ഊർജ വട്ടമേശ സമ്മേളനവും ഉൾപ്പെടെ നിരവധി ചടങ്ങുകളില് പങ്കെടുക്കുകയും ചെയ്യും

6. നമുക്ക് അറിയാവുന്നത് പോലെ , ഇന്ത്യാ-ആസ്ട്രേലിയ ബന്ധങ്ങള് ഇന്ന് വളരെ വിശാലമായ മേഖലകളെ ഉൾക്കൊള്ളുന്നതാണ് , പ്രതിരോധം, സുരക്ഷാ  സഹകരണം മുതല് പരിസ്ഥിതി, ജല കൈകാര്യം, കായികം, ഊർജം, വിദ്യാഭ്യാസം വരെ അത് നീളുന്നു. നമ്മുടെ പ്രധാനമന്ത്രി,  ആസ്ട്രേലിയയില് സന്ദർശിച്ച സമയത്തുള്ള തീരുമാനങ്ങളില് പ്രവർത്തിക്കുവാനും  ബന്ധം മുന്നോട്ട് കൊണ്ട് പോകുന്നതിനു തയാറാക്കപ്പെട്ട  നിരവധി സ്ഥാപന സംവിധാനങ്ങൾക്ക് നിർദേശം നൽകുന്നതിനും ഈ സന്ദർശനം സഹായകമാകും

7. ഇന്ത്യാ-ആസ്ട്രേലിയ ബന്ധങ്ങള് നേരത്തെ ഉണ്ടായിരുന്നതിനെക്കാള് കൂടുതല് കരുത്തുള്ളതും ബഹുമുഖവുമാണ് , ഇരു പ്രധാനമന്ത്രിമാരും ഇരു ഗവൺമെന്റുകളും ഇത് മുന്നോട്ട് കൊണ്ടുപോകാന് പ്രതിബദ്ധരുമാണ് . വിശാലമായ ഈ ഇടപാടുകള് പ്രതിഫലിപ്പിക്കുന്നതിന് സുരക്ഷാ, പരിസ്ഥിതി, കായിക, ശാസ്ത്ര സാങ്കേതികവിദ്യ , ആരോഗ്യം തുടങ്ങിയവയില് നിരവധി ധാരണാ പത്രങ്ങള്, കരാറുകള് എന്നിവ ഉറപ്പാക്കും

8.  സാമ്പത്തിക , വ്യാവസായിക ഇടപാടുകളിലെ ഇരു ഭാഗത്തുമുള്ള വിശാലമായ സാധ്യതകള് കണക്കിലെടുത്തു കൊണ്ട് , ഒരുന്നതതല വ്യാപാര പ്രതീദി സംഘവും ആസ്ട്രേലിയയില് നിന്നു പ്രതീക്ഷിക്കുന്നുണ്ട് . ഇന്ത്യയില് ആസ്ട്രേലിയക്കു  ഏകദേശം ഏഴു ബില്യണ് യുഎസ് ഡോളര് നിക്ഷേപം ഉണ്ട്

9. ആസ്ട്രേലിയയുമായുള്ള നമ്മുടെ ഇടപാടുകളിലെ പ്രധാന മേഖലകള് വിദ്യാഭ്യാസവും കാര്യശേഷി വികസനവും ആണ്. ആസ്ട്രേലിയയിലേക്ക് ഇന്ത്യന് വിദ്യാർഥികളെ ആകർഷിക്കുന്നതിനെക്കാള് കൂടുതലായി ഇരു രാജ്യത്തെയും  വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കിടയില്  സഹകരണം , സംയുക്ത ഗവേഷണം,  സാങ്കേതിക കേന്ദ്രങ്ങള് ആസ്ട്രേലിയയില് കേന്ദ്രീകരിച്ചു ഇന്ത്യയില് ഗവൺമെന്റുകൾക്കിടയിലും  ഗവൺമെന്റിതര സ്ഥാപനങ്ങളിലും ബന്ധങ്ങള് ഉണ്ടാക്കുക എന്നിവയെ വർദ്ധിപ്പിക്കുവാന ഇത് സഹായിക്കും . സന്ദർശനത്തോട് അനുബന്ധിച്ച് ഈ മേഖലയില് വലിയ അളവില് ബന്ധങ്ങള് ഉണ്ടാകുന്നതോടെ ഈ ഉഭയകക്ഷി ഇടപാടുകളുടെ  വ്യാപ്തി പൂർണമായും വ്യക്തമാകും. വിദ്യാഭ്യാസ മേഖലയില് നിന്നുമുള്ള  പ്രബലമായ ഒരു പ്രതിനിധി സംഘം ആസ്ട്രേലിയയുടെ പ്രധാനമന്ത്രിയുടെ സന്ദർശനത്തില് ഒപ്പം ഉണ്ടാകും

10. നവീകരിക്കാവുന്ന ഊർജം ,വൃത്തിയുള്ള കൽക്കരി, ജൈവ ഇന്ധനം എന്നിവയിലെ സഹകരണം എന്നിവയും സന്ദർശനത്തോട് അനുബന്ധിച്ച് ചര്ച്ച ചെയ്യപ്പെടും

ന്യൂഡെൽഹി
ഏപ്രില് 06, 2017